തലശേരി അതിരൂപത മദ്യവർജന പ്രസ്ഥാനത്തിന്റെ 39-ാം വാർഷികം കരുവഞ്ചാലിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു.

സ്കൂൾ കലോത്സവം: അടിയന്തര ചികിത്സ സ്വകാര്യ ആശുപത്രികളിലും സൗജന്യം

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾക്ക് നഗരത്തിലെ പ്രധാന ആശുപത്രികളിൽ സൗജന്യ ചികിത്സക്ക് സൗകര്യം. ജില്ലാകലക്ടർ മിർ മുഹമ്മദലിയുടെ അധ്യക്ഷതയിൽ ചേർന്ന ആശുപത്രി അധികൃതരുടെ യോഗത്തിലാണ് തീരുമാനം. മത്സരാർത്ഥികൾക്ക് ആവശ്യമായി വരുന്ന അടിയന്തര ചികിത്സ സൗജന്യമായി നൽകും. ആരോഗ്യ വകുപ്പിന്റെയും ആയുർവ്വേദ, ഹോമിയോ വകുപ്പിന്റെയും ചികിത്സാ സംവിധാനങ്ങൾക്ക് പുറമെയാണിത്. എ കെ ജി, കൊയിലി, അശോക, കിംസ്, അൽശിഫ, സ്പെഷ്യാലിറ്റി, ആശിർവാദ്, റസ്ലോക്ക് ആശുപത്രി പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

കലോത്സവത്തിന്റെ ഭാഗമായി പ്രധാന വേദിക്കരികെ താൽക്കാലിക ആശുപത്രി ഒരുക്കുമെന്ന് ഡി എം ഒ നാരായണ നായിക് യോഗത്തിൽ അറിയിച്ചു. പ്രഥമ ശുശ്രൂഷ സംവിധാനങ്ങൾ, ഡോക്ടർമാർ, നഴ്സുമാർ, നിരീക്ഷണ വാർഡ് എന്നിവ ഇവിടെയുണ്ടാവും. മത്സരം അവസാനിക്കും വരെ ഇത് പ്രവർത്തിക്കും. എല്ലാ വേദികളിലും പ്രാഥമിക ചികിത്സ സംവിധാനവും ഉണ്ടാകും. ഇതോടൊപ്പം ഒരു ഒരു മൊബൈൽ മെഡിക്കൽ യൂനിറ്റും സജ്ജമാക്കും.

യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി. സുമേഷ്, ജില്ലാ പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ കെപി. ജയബാലൻ, ഡെപ്യൂട്ടി മേയർ പി. കെ. രാഗേഷ്, സംഘാടക സമിതി ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

പടന്നപ്പാലം തണൽ വീട്ടിൽ ആരംഭിച്ച ഒ.പി ഡോ.പി.പി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

തണൽ വീട്ടിൽ സൗജന്യ ഒ.പിയും ഹോംകെയറും ആരംഭിച്ചു

കണ്ണൂർ: പടന്നപ്പാലം തണൽ വീട്ടിൽ സൗജന്യ ഒ.പി സംവിധാനം കണ്ണൂർ മെഡിക്കൽ കോളേജ് റിട്ടേർഡ് ഡീൻ ഡോ.പി. പി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. രാവിലെ 10 മണി മുതൽ 1 മണിവരെ തണൽ വീട്ടിൽ ഡോ. ഡിലീ ഭാസ്കർ പരിശോധനയ്ക്ക് നേതൃത്വം നൽകും.

പാലിയേറ്റീവ് ഹോം കെയർ തണൽ വീട്ടിലെ അന്തേവാസിയായ കെ.എൻ.രാജൻ ഉദ്ഘാടനം ചെയ്തു. ഡോ.ഒ.കെ. അബ്ദുൽസലാം, ഡോ.താജുദ്ധീൻ, തണൽ പ്രസിഡണ്ട് പി. എം.ഷറീഫ്, സെക്രട്ടറി വി.വി.മുനീർ, എൻ.രാമചന്ദ്രൻ, മുഹമ്മദ് ഇഖ്ബാൽ സംസാരിച്ചു. പാരപ്ലീജിയ സെന്റർ, അഗതി മന്ദിരം എന്നിവ ഇതിനകം പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു.

വയോജനങ്ങൾക്ക് സ്വീകരണം

നടുവിൽ: മണ്ടളം കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ മണ്ടളം ഇടവകയിലെ വയോജനങ്ങളുടെ സംഗമം സംഘടിപ്പിച്ചു. അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് ഉദ്ഘാടനം ചെയ്തു. വികാരി ഫാ. തോമസ് തെരുവുംകുന്നേൽ അധ്യക്ഷത വഹിച്ചു. ഫാ. ജോസഫ് ചാത്തനാട്ട്, ദേവസ്യ കൊങ്ങാല, തങ്കച്ചൻ വലിയമർത്തങ്കൽ, ബാബു കിഴക്കേപ്പറമ്പിൽ, ജോർജ് തോണിക്കൽ പ്രസംഗിച്ചു. തോമസ് താഴത്തേൽ നന്ദി പറഞ്ഞു.

ശില്പശാല സംഘടിപ്പിച്ചു

പരിയാരം: കുട്ടികളുടെ ആരോഗ്യകരമായ വളർച്ചക്കും വികസനത്തിനും അനുയോജ്യമായ അന്തരീക്ഷം സംജാതമാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി പരിയാരം പഞ്ചായത്തിനെ ബാലസൗഹൃദ തദ്ദേശ ഭരണ സ്ഥാപനമാക്കുന്നതിനുള്ള ശില്പശാല പ്രസിഡണ്ട് എ.രാജേഷ് ഉദ്ഘാടനം ചെയ്തു. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ പി.പി.രഘു, എം.ടി.മനോഹരൻ, ടി. ഷീബ, വിനോദ്, അസി.സെക്രട്ടറി വി.രാജീവൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ ചിത്രലേഖ സംബന്ധിച്ചു. കില ഫാക്കൽട്ടി ബിനോയ് മാത്യു ക്ലാസെടുത്തു.

കാനത്തിൽ ഗുളികൻ ദേവസ്ഥാന കളിയാട്ടം

പന്നിയൂർ: മഴൂർ കാനത്തിൽ ഗുളികൻ ദേവസ്ഥാനത്ത് കളിയാട്ട മഹോത്സവം 12, 13 തീയതികളിൽ നടക്കും. കളിയാട്ടത്തിന് മുന്നോടിയായി 11ന് മഴൂർ ബലഭദ്രസ്വാമി ക്ഷേത്രത്തിൽ നിന്നും ദീപം എഴുന്നള്ളിക്കൽ. 12ന് നാരായണീയ പാരായണം, വിഷ്ണു-ശിവ ലളിതസഹസ്രനാമ പാരായണം, പാചകശാലയുടെ ഉദ്ഘാടനം, സഹസ്രദീപ സമർപ്പണം, ഭജന, ഭക്തിഗാനസുധ, കോൽക്കളി, തിരുവാതിരക്കളി എന്നിവയുണ്ടായിരിക്കും. 13ന് ഗീതാപാരായണം, അക്ഷരശ്ലോക സദസ്, മുത്തപ്പൻ വെള്ളാട്ടം, ഗുളികൻ തിറ, കരിമരുന്ന് പ്രയോഗം എന്നിവ നടക്കും.

റേഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കണം

കുറുമാത്തൂർ: റേഷൻ വിതരണത്തിലെ അപാകതകൾ പരിഹരിച്ച് അർഹതപ്പെട്ട എല്ലാവർക്കും റേഷൻ വിതരണം ചെയ്യണമെന്ന് പ്രിയദർശിനി ജനശ്രീയുടെ പെരുമ്പ യൂണിറ്റ് വാർഷിക ജനറൽബോഡിയോഗം ആവശ്യപ്പെട്ടു. ജനശ്രീ മണ്ഡലം ചെയർമാൻ കെ.വി.നാരായണൻകുട്ടി ഉദ്ഘാടനം ചെയ്തു. കെ.വി.നാരായണൻ അധ്യക്ഷത വഹിച്ചു. എം.വി.രാജീവൻ സ്വാഗതം പറഞ്ഞു. ബ്ലോക്ക് സെക്രട്ടറി ബേബി ഫിലിപ്പ്, ബി.പി.മോഹനൻ, കെ.വി.സുരേഷ് ബാബു, സി.പ്രദീപ്കുമാർ, കെ.പി.വിജേഷ് സംസാരിച്ചു. ഭാരവാഹികളായി എം.വി. ബാലകൃഷ്ണൻ (ചെയർമാൻ), കെ.പി.വിജേഷ് (സെക്രട്ടറി), കെ.പി.തങ്കമണി (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

സ്കൂൾ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം നാളെ

ആലക്കോട്: ആലക്കോട് മേരി മാത കോളേജിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന കണ്ണൂർ, കാസർകോട് ജില്ലാതല ക്വിസ് മത്സരം നാളെ രാവിലെ 9 മണി മുതൽ നടക്കും. പ്ലസ്വൺ, പ്ലസ്ടു വിഭാഗങ്ങളിൽ ഒരു സ്കൂളിൽ നിന്ന് രണ്ടു പേർ വീതമുള്ള രണ്ട് ടീമുകൾക്ക് പങ്കെടുക്കാം. ഒന്നാം സമ്മാനം പതിനായിരം രൂപ. രണ്ടാം സമ്മാനം 5000 രൂപ. പങ്കെടുക്കുന്ന വിദ്യാർത്ഥികൾ വിശദ വിവരങ്ങൾക്ക് 9400645102 എന്ന ഫോണിൽ ബന്ധപ്പെടണം.

യു. എ. പി. എ ചുമത്തൽ; മുസ്ലിംലീഗ് റാലി 13ന്

കണ്ണൂർ: യു.എ.പി.എ നിയമത്തിന്റെ പേരിൽ നിരപരാധികളെ പോലും ജയിലിൽ അടച്ച് പീഡിപ്പിക്കുന്ന നടപടിക്കെതിരെ മുസ്ലിംലീഗ് 13ന് നടത്തുന്ന റാലിയും കൂട്ടായ്മയും വിജയിപ്പിക്കാൻ തൊഴിലാളികൾ രംഗത്ത് ഇറങ്ങണെന്ന് ജില്ലാ എസ്.ടി.യു വൈസ് പ്രസിഡണ്ട് കെ.ഉമ്മറിന്റെ അധ്യക്ഷതയിൽ ചേർന്ന ജില്ലാ എസ്.ടി.യു പ്രവർത്തക സമിതിയുടെയും ഫെഡറേഷൻ ഭാരവാഹികളുടെയും സംയുക്ത യോഗം അഭ്യർത്ഥിച്ചു. യോഗം എസ്.ടി.യു സംസ്ഥാന ട്രഷറർ എം.എ. കരീം ഉദ്ഘാടനം ചെയ്തു. വർക്കിംഗ് സെക്രട്ടറി ആലിക്കുഞ്ഞി പന്നിയൂർ സ്വാഗതം പറഞ്ഞു. ജനറൽ സെക്രട്ടറി മുസമ്മിൽ കോറോത്ത് റിപ്പോർട്ട് അവതരിപ്പിച്ചു. ഇ.എ.കരീം, പി. ഹംസഹാജി, പി.പി.നാസർ, ബി. ഇബ്രാഹിംകുട്ടി ഹാജി, കെ. എൽ.അശ്റഫ്, കെ.പി.ഖാദർ, കെ.മഹമൂദ്, നാസർ മൈലാഞ്ചിക്കൽ, മുസ്തഫ ബത്താലി, എം. കെ.പി.സെക്കീന, സി.എച്ച്.സലീന, കെ.പി.അമീർ, എം.ഹമീദ്, എം. യു. ആലി, പാലക്കൽ സാഹിർ, എം.നജീബ്, വി.എം. സി.അബൂബക്കർ സിദ്ധീഖ്, വി. പി.റഷീദ്, എം.പി.അബൂബക്കർ, ഹൈവേ നാസർ, ടി.എ.കരീം, ടി. കെ.ബഷീർ, ഇബ്രാഹിംകുട്ടി മൊട്ടാമ്പ്രം, ടി.അബ്ദു, കെ.ടി. ഷൗക്കത്തലി, വി.ജലീൽ, കെ. അബു (ബസാർ) തളിപ്പറമ്പ്, ഇ. എ.കെ.മജീദ് സംസാരിച്ചു.

ഹജ്ജിന് 24 വരെ അപേക്ഷിക്കാം

തളിപ്പറമ്പ: ഈ വർഷത്തെ ഹജ്ജ് അപേക്ഷകൾ 24 വരെ സ്വീകരിക്കും. ഓൺലൈനായും ഓഫ് ലൈനായും മൊബൈൽ ആപ്ലിക്കേഷൻ മുഖേനയും സമർപ്പിക്കാം. ഇതിനുള്ള സൗകര്യങ്ങൾ തളിപ്പറമ്പ മണ്ഡലത്തിലെ സർസയ്യിദ് ഹയർസെക്കണ്ടറി സ്കൂളിലുള്ള മുസ്ലിം യൂത്ത് ലീഗ് ഓഫീസിലും പി.ജനാർദ്ദനൻ പ്രബന്ധം അവതരിപ്പിക്കും. കെ.രാമചന്ദ്രൻ അധ്യക്ഷത വഹിക്കും. വി.പ്രസാദ് സംസാരിക്കും.

കറൻസി നിരോധനം: ചർച്ച സമ്മേളനം 12ന്

പയ്യന്നൂർ: മാസ് മൂവ്മെന്റ് ഫോർ സോഷ്യലിസ്റ്റ് അൾട്ടർനേറ്റീവ് നേതൃത്വത്തിൽ 'കറൻസി നിരോധനത്തിന്റെ രാഷ്ട്രീയം, ചർച്ച, സമ്മേളനം സംഘടിപ്പിക്കുന്നു. 12ന് വൈകീട്ട് നാല് മണിക്ക് പയ്യന്നൂർ ഗാന്ധിപാർക്കിലാണ് പരിപാടി. റിട്ട. ബാങ്ക് ഓഫീസർ പി.ജനാർദ്ദനൻ പ്രബന്ധം അവതരിപ്പിക്കും. കെ.രാമചന്ദ്രൻ അധ്യക്ഷത വഹിക്കും. വി.പ്രസാദ് സംസാരിക്കും.

പുനരുദ്ധാരണ ഗ്രാന്റ് തേർത്തല്ലി ലൈബ്രറിക്ക് ലഭിച്ചു

ആലക്കോട്: സംസ്ഥാന ലൈബ്രറി കൗൺസിൽ അനുവദിച്ച നാൽപ്പതിനായിരം രൂപയുടെ പുനരുദ്ധാരണ ഗ്രാന്റ് തേർത്തല്ലി അപ്പോളോ ലൈബ്രറിക്ക് ലഭിച്ചു. താലൂക്ക് ലൈബ്രറി കൗൺസിൽ പ്രതിനിധി കെ.രാമചന്ദ്രൻ, അപ്പോളോ പ്രസിഡണ്ട് ജോൺ ജോ. കാരയ്ക്കാട്ടിന് തുക കൈമാറി. ജോൺ വട്ടമല, ജോസഫ് മാത്യു പുതിയാത്ത്, പഞ്ചായത്ത് മെമ്പർ വത്സമ്മ വാണിശേരി, കുമാരൻ പോത്തേര, ജോസ് മൈലാടൂർ, സിബി മാലിപ്പുറം പ്രസംഗിച്ചു.

തേർത്തല്ലി അപ്പോളോ ലൈബ്രറിക്ക് സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ ഗ്രാന്റ് കെ.രാമചന്ദ്രൻ കൈമാറുന്നു

വരഡൂൽ ലക്ഷ്മിനാരായണ ക്ഷേത്രത്തിൽ സപ്താഹയജ്ഞവും മഹോത്സവവും

തളിപ്പറമ്പ: വരഡൂർ ലക്ഷ്മിനാരായണ ക്ഷേത്രത്തിൽ ശ്രീമദ്ഭാഗവത സപ്താഹ യജ്ഞവും മഹോത്സവവും നാളെ മുതൽ 20 വരെ നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. നാളെ രാവിലെ 6 മണിക്ക് മഹാഗണപതി ഹോമത്തോടെ യജ്ഞത്തിന് തുടക്കമാകും. വൈകീട്ട് 6ന് കലവറനിറക്കൽ ചടങ്ങോടുകൂടി യജ്ഞാചാര്യൻ വാച്ചവാദ്ധ്യാർ സുബ്രഹ്മണ്യൻ നമ്പൂതിരിക്ക് സ്വീകരണം. ഇതോടൊപ്പം മുയ്യം വരഡൂൽ ദേവസ്ഥാനത്ത് നിന്നും ഘോഷയാത്ര. 17ന് രാത്രി 8 മണിക്ക് യേശുദാസിന്റെ ശിഷ്യൻ രാജേഷ് രാജൻ നയിക്കുന്ന ഭക്തിഗാനസുധ. 18ന് വൈകീട്ട് 6ന് തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രത്തിൽ നിന്നും താലപ്പൊലി ഘോഷയാത്ര. 19ന് വൈകീട്ട് 5 മണിക്ക് തിടമ്പ്നൃത്തം. രാത്രി 8 മണിക്ക് ക്ഷേത്രം മാതൃസമിതി നേതൃത്വത്തിൽ നൃത്തനൃത്യങ്ങൾ. 20ന് വരഡൂൽ ചാമുണ്ഡ ദേവസ്ഥാനത്ത് കൊട്ടിക്കലാശം. രാത്രി 7ന് കുട്ടികളുടെ കോൽക്കളി അരങ്ങേറ്റം. തുടർന്ന് മാതൃസമിതിയുടെ തിരുവാതിര.

വാർത്താസമ്മേളനത്തിൽ എ.ജയരാജ്, എ.ശ്രീജേഷ്, എം. പി.ആദർശ്, വി.രാധാകൃഷ്ണൻ സംബന്ധിച്ചു.

ഭഗവത്ഗീതാലാപന മത്സരം

മയ്യിൽ: കുറ്റ്യാട്ടൂർ ശ്രീശങ്കര വിദ്യാനികേതൻ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ ആഭിമുഖ്യത്തിൽ 28ന് രാവിലെ 10 മണി മുതൽ ഗീതാലാപന മത്സരം സംഘടിപ്പിക്കുന്നു. കെ.ജി (നഴ്സറി), എൽ.പി, യു.പി, എച്ച്. എസ് എന്നീ നാല് തലങ്ങളിലാണ് മത്സരം. ഓരോ തലത്തിലും വിജയികൾക്ക് ഒന്നാം സമ്മാനം 3000 രൂപയും രണ്ടാം സമ്മാനം 2000 രൂപയും മൂന്നാം സമ്മാനം 1000 രൂപയും നൽകും.

വിശദ വിവരങ്ങൾക്ക് 9947645280, 9544075156 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

നെറ്റ് കോച്ചിങ് ക്ലാസ്

പരശിനിക്കടവ്: കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ കണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് നെറ്റ് പരീക്ഷക്ക് വേണ്ടിയുള്ള മാർഗനിർദേശ കോച്ചിംഗ് ക്ലാസ് 12, 13, 14 തീയതികളിൽ ഐ.സി.എം പരശിനിക്കടവിൽ നടത്തും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 75 പേർക്കാണ് പ്രവേശനം. ഫോൺ: 0497-2784088, 2784044 എന്നീ നമ്പറുകളിൽ രാവിലെ 9.30 മണിമുതൽ വൈകുന്നേരം 5.30 മണിവരെ വിളിക്കണം.

പ്ലാന്റ് ഹെൽത്ത് സ്പെഷ്യലിസ്റ്റ് ഒഴിവ്

തളിപ്പറമ്പ: കരിമ്പം ജില്ലാ മണ്ണ് പരിശോധന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സസ്യാരോഗ്യ ക്ലിനിക്കിൽ ഡിസ്ട്രിക്ട് പ്ലാന്റ് ഹെൽത്ത് സ്പെഷലിസ്റ്റിനെ 25000 രൂപ പ്രതിമാസ വേതനത്തിൽ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നു. എം എസ് സി അഗ്രിക്കൾച്ചർ എന്റമോളജി/എം എസ് സി അഗ്രിക്കൾച്ചറൽ പാത്തോളജി അല്ലെങ്കിൽ അഗ്രിക്കൾച്ചറൽ സയൻസിലുള്ള ബിരുദാനന്തര ബിരുദം, 5 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം എന്നിവയാണ് യോഗ്യത. സർവ്വീസിൽ നിന്നും വിരമിച്ച കാർഷിക സർവ്വകലാശാല അസിസ്റ്റന്റ് പ്രൊഫസർമാർ, കൃഷി ഓഫീസർമാർ എന്നിവർക്ക് മുൻഗണന. താൽപര്യമുള്ളവർ 18 ന് നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ രേഖകൾ സഹിതം ഹാജരാകണം.

അംഗത്വ പ്രചരണ ഉദ്ഘാടനം

കണ്ണൂർ: കേരള എൻ.ജി.ഒ അസോസിയേഷൻ ജില്ലാതല അംഗത്വ പ്രചരണ ഉദ്ഘാടനം പ്രസിഡണ്ട് കെ.കെ.രാജേഷ്കന്ന നിർവഹിച്ചു. ജില്ലാ സെക്രട്ടറി കെ.സുധാകരൻ, ട്രഷറർ എം.പി. ഷനീജ്, ടി.മോഹനൻകുമാർ, എ.ഉണ്ണികൃഷ്ണൻ, കെ.വി.അബ്ദുൾറഷീദ് തുടങ്ങിയവർ സംസാരിച്ചു.

തറവാട് കളിയാട്ടം

ചെറുകുന്ന്: അമ്പലപ്പുറം കോട്ടോളത്ത് തറവാട് കളിയാട്ട മഹോത്സവം 12, 13 തീയതികളിൽ നടക്കും. കണ്ടനാർകേളൻ, തൊണ്ടച്ചൻ, കുടിവീരൻ, കുറത്തിയമ്മ, കുണ്ടാറചാമുണ്ഡി എന്നീ തെയ്യങ്ങൾ ഉണ്ടായിരിക്കും.

ഫണ്ട് വിനിയോഗം; യൂത്ത് ക്ലബുകൾക്ക് മുഖ്യപരിഗണന വേണമെന്ന്

കണ്ണൂർ: യുവജന ക്ഷേമബോർഡ് മുഖേന നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളിൽ യൂത്ത് ക്ലബുകൾക്ക് മുഖ്യപരിഗണന നൽകണമെന്ന് ആവശ്യപ്പെട്ട് തായംപൊയിൽ സഫ്ദർ ഹാശ്മി സ്മാരക ഗ്രന്ഥാലയം യുവജനക്ഷേമം നിയമസഭ സബ് കമ്മിറ്റിക്ക് മുമ്പാകെ പരാതി നൽകി. സമീപ വർഷങ്ങളിലായി യുവജന ക്ഷേമബോർഡിന്റെ ഫണ്ടിൽ ഭൂരിഭാഗവും ലഭിച്ചത് എൻ.ജി.ഒകൾക്കാണ്. യൂത്ത്ക്ലബുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾക്ക് ഫണ്ട് അനുവദിക്കാൻ വർഷങ്ങളായി കാലതാമസം നേരിടുന്നതായും പരാതിയിൽ പറഞ്ഞു. കണ്ണൂർ കലക്ട്രേറ്റ് ഹാളിൽ ചെയർമാൻ ടി.വി.രാജേഷ് എം.എൽ.എയുടെ അധ്യക്ഷതയിൽ നടന്ന സിറ്റിങ്ങിലാണ് പരാതി നൽകിയത്.

അക്കാദമി ചെയർമാൻ പദവി അർഹതയുള്ള പണിക്കൻമാർക്ക് നൽകണമെന്ന്

പിലിക്കോട്: കേരള സർക്കാർ രൂപീകരിച്ച പൂരക്കളി കലാ അക്കാദമിയുടെ ചെയർമാൻ പദവി പൂരക്കളിയും മറുത്തുകളിയും അവതരിപ്പിക്കാൻ ആധികാരികമായി അർഹതയുള്ള പണിക്കൻമാർക്ക് തന്നെ നൽകണമെന്ന് കേരള പൂരക്കളി മറുത്തുകളി കലാപരിഷത്ത് വാർഷിക ജനറൽ ബോഡിയോഗം ആവശ്യപ്പെട്ടു. പണിക്കൻമാരെ ഒഴിവാക്കിയതിൽ സംസ്ഥാന യോഗം പ്രതിഷേധിച്ചു. നാരായണൻ പണിക്കർ ചന്തേര അധ്യക്ഷത വഹിച്ചു.

മടിക്കൈ ഗോപാലകൃഷ്ണൻ പണിക്കർ റിപ്പോർട്ട് അവതരിപ്പിച്ചു. എം. അപ്പുപ്പണിക്കർ, കാങ്കോട് എം. കുഞ്ഞികൃഷ്ണ പണിക്കർ, പി. ദാമോദരൻ പണിക്കർ പ്രസംഗിച്ചു. ഭാരവാഹികളായി എം.വി. തമ്പാൻ പണിക്കർ പിലിക്കോട് (പ്രസിഡണ്ട്), സി. രാജൻ പണിക്കർ കരിവെള്ളൂർ (വൈസ് പ്രസിഡണ്ട്), പി.സി. വിശ്വംഭരൻ പണിക്കർ തൃക്കരിപ്പൂർ (ജനറൽ സെക്രട്ടറി) എം. രാജീവൻ പണിക്കർ (ജോയിന്റ് സെക്രട്ടറി), സി. പ്രഭാകരൻ പണിക്കർ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

എം.വി. തമ്പാൻ

പി.സി. വിശ്വംഭരൻ

പരിയാരം പഞ്ചായത്ത് ബാലസൗഹൃദ പഞ്ചായത്ത് ശിൽപ്പശാല

ബന്ധുനിയമനം: അന്വേഷണം മുഖ്യമന്ത്രിയിലേക്കും വ്യാപിപ്പിക്കണമെന്ന്

കണ്ണൂർ: ഇ.പി. ജയരാജനെ ഒന്നാം പ്രതിയാക്കി വിജിലൻസ് എഫ്.ഐ.ആർ സമർപ്പിക്കുന്നതിലൂടെ ഇടതുപക്ഷ സർക്കാർ അഴിമതി ഒളിച്ചുവെക്കാൻ നടത്തിയ ശ്രമങ്ങൾ പുറത്തുവന്നിരിക്കുകയാണെന്ന് ആംആദ്മി കൺവീനർ സി. ആർ. നീലകണ്ഠൻ അഭിപ്രായപ്പെട്ടു. മുഖ്യമന്ത്രി അറിയാതെ ഇത്തരം ഒരു ശ്രമം നടക്കില്ല. ഈ കേസിൽ മുഖ്യമന്ത്രിക്ക് പങ്കുണ്ടെന്ന് കരുതാൻ എല്ലാ ന്യായങ്ങളും ഉണ്ട്. അതുകൊണ്ട് മുഖ്യമന്ത്രിയുടെ പങ്ക് അന്വേഷിക്കാൻ തയ്യാറാകണം. ശ്രീമതി ടീച്ചറിലേക്കും മറ്റ് പാർട്ടി നേതാക്കളിലേക്കും ഭരണ സംവിധാനത്തിലേക്കും അന്വേഷണം വ്യാപിപ്പിക്കണമെന്നും അദ്ദേഹം പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

പച്ചാണിയിൽ ബോധവൽക്കരണ സെമിനാർ രഞ്ജിത്ത് സർക്കാർ ഉദ്ഘാടനം ചെയ്യുന്നു

ബോധവൽക്കരണ സെമിനാറും പുതുവത്സരാഘോഷവും

ആലക്കോട്: പച്ചാണി ബ്ലൂസ്റ്റാർ ക്ലബ്, മഹിളാ സേവാസംഘം, മരിയ ക്രെഡിറ്റ് യൂണിയൻ, ജനശിക്ഷൺ സൻസ്ഥാൻ കണ്ണൂർ എന്നി വയുടെ സംയുക്ത പുതുവത്സരാഘോഷവും ബോധവൽക്കരണ സെമിനാറും രഞ്ജിത്ത് സർക്കാർ ഉദ്ഘാടനം ചെയ്തു. ബിനേഷ് പച്ചാണി അധ്യക്ഷത വഹിച്ചു. ഇ.രാജലക്ഷ്മി, ഫാ. ബൈജു പാറോക്കാരൻ, പി. രാജാമണി, പി.വി.ചന്ദ്രവല്ലി, ജെസ്റ്റി സന്തോഷ്, എം.വി.സുജാത പ്രസംഗിച്ചു. ബാങ്കിംഗ് ലിറ്ററസിയിൽ കെ.രാമചന്ദ്രനും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ഇ.എം.ഹബീബ്റഹ്മാനും ക്ലാസുകൾ നയിച്ചു. കെ. ജെ.അബ്രാഹം സ്വാഗതവും സോജി മൈലേട്ട് നന്ദിയും പറഞ്ഞു.

വിവാഹിതരായി

പ്രിയ-ബിനീഷ്

ആലക്കോട്: വായാട്ടുപറമ്പിലെ കളപ്പുരയ്ക്കൽ ജോയി (കേരള കൗമുദി, ആലക്കോട്)-ലിസി ദമ്പതികളുടെ മകൾ പ്രിയയും പാത്തൻപാറയിലെ ചിറ്റേട്ട് ജോസ്-പരേതയായ സെലിൻ ദമ്പതികളുടെ മകൻ ബിനീഷും വിവാഹിതരായി.

പച്ചാണി സെന്റ് മേരീസ് ദേവാലയ തിരുനാളിന് ഫാ.ബൈജു പാറോക്കാരൻ പതാകയുയർത്തുന്നു

പച്ചാണി സെന്റ് മേരീസ് ദേവാലയ തിരുനാളിന് കൊടിയേറി

ആലക്കോട്: പച്ചാണി സെന്റ് മേരീസ് ദേവാലയത്തിലെ അമലോത്ഭവ മാതാവിന്റെ തിരുനാളിന് കൊടിയേറി. ഇടവക വികാരി ഫാ. ബൈജു പാറോക്കാരൻ പതാകയുയർത്തി. 13, 14, 15 തീയതികളിൽ പ്രധാന തിരുനാൾ ആഘോഷം നടക്കും. 13ന് വൈകുന്നേരം 3.30ന് തിരുസ്വരൂപ പ്രതിഷ്ഠ. 4.30ന് ദിവ്യബലി ഫാ. മൈക്കിൾ ചന്ദ്രൻകുന്നേൽ കാർമ്മികത്വം വഹിക്കും. 6.30ന് കലാസന്ധ്യ. 14ന് വൈകുന്നേരം 4.30ന് ആഘോഷമായ പാട്ടു കുർബാന. ഫാ. ഡയസ് തുരുത്തിപ്പള്ളി കാർമ്മികനാകും. ഫാ. ജോർജ്കുട്ടി ശാശേരിൽ വചന സന്ദേശം നൽകും. രാത്രി 8ന് ബാന്റ് മേളം, ശിങ്കാരി മേളം. 9ന് ഗാനമേള. സമാപന ദിവസമായ 15ന് രാവിലെ 10.30ന് ആഘോഷമായ ദിവ്യബലി. ഫാ. ഷാൻ മണ്ണാംപറമ്പിൽ കാർമ്മികത്വം വഹിക്കും. ഫാ.ഷിജോയ് തൈക്കലപറമ്പിൽ സന്ദേശം നൽകും. 12 മണിക്ക് പ്രദക്ഷിണം.

ആവശ്യമുണ്ട്
തളിപ്പറമ്പിൽ പുതുതായി ആരംഭിക്കുന്ന സ്റ്റിക്കർ കടയിലേക്ക് സ്റ്റിക്കർ കട്ടിംഗ്, സ്റ്റിക്കർ ഡിസൈൻ എന്നിവ അറിയാവുന്ന ആളെ ആവശ്യമുണ്ട്.
Contact:
7012314702

വിൽപനക്ക്
കട ഒഴിയുന്നതിനാൽ ബാക്കിയുള്ള ഫാൻസി, ഗിഫ്റ്റ്, തയ്യൽ സാധനങ്ങൾ മൊത്തമായും വിറ്റഴിക്കുന്നു
8547493732

ആവശ്യമുണ്ട്
തളിപ്പറമ്പിലേക്ക് സൈറ്റ് സൂപ്പർ വൈസറെ ആവശ്യമുണ്ട്
യോഗ്യത: (സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ /സിവിൽ ITI)
Contact:
8848289984